പട്ടിക ജാതിക്കാർ.

* 1370. [21] ശ്രീ കെ. ഇച്ചരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളസ്റ്റേറ്റിൽ പട്ടികജാതിക്കാരുടെ ജനസംഖ്യ എത്ര ;

(ബി) പട്ടികജാതിക്കാരിൽ എത്ര ശതമാനം പേർക്ക് എഴുത്തുവായനം വായിക്കുവാനും അറിയാം ;

(സി) പട്ടികജാതിക്കാരിൽ എത്ര ശതമാനം ആളുകൾ ഇന്നും ഗവണ്മെൻറുദ്യോഗങ്ങളിൽ ഉണ്ട് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) 1951-ലെ സെൻസ്സ് പ്രകാരം കേരളത്തിലെ പട്ടികജാതിക്കാരുടെ ജനസംഖ്യ 12,5 ലക്ഷമാണ്.

(ബി, സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ലോവർ പ്രൈമറി സ്കൂളുകൾ തുറക്കാനുള്ള അപേക്ഷകൾ.

* 1371. [22] ശ്രീ. കെ. കൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഗിരിവർഗ്ഗപ്രദേശങ്ങളിൽ പുതിയതായി ലോവർ പ്രൈമറിസ്കൂളുകൾ തുറക്കാൻ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം, എത്ര എണ്ണത്തിനു ;

(ബി) അട്ടപ്പാടിയിൽ മൂന്നു ലോവർപ്രൈമറിസ്കൂളുകൾ ആരംഭിക്കാൻ ഹരിജൻവെൽഫയർ ഡിപ്പാർട്ടുമെൻറിൽ നിന്നും അപേക്ഷിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനനുമതി നൽകാൻ സദയമുണ്ടാകുമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ, ബി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) ഈ കൊല്ലം പുതിയ സ്കൂളുകൾ തുറക്കേണ്ടതില്ലെന്നു പൊതുവേ തീരുമാനിച്ചിട്ടുള്ളതു.

കുറവിലങ്ങാട് സ്കീം.

* 1372. [23] ശ്രീ. ഏ. എം. കല്യാണകൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറവിലങ്ങാട് ഇറിഗേഷൻ സ്കീമിൻറെ പണിയാരംഭിച്ചിട്ട് എത്ര കാലമായി ;

(ബി) ഈ വർക്ക് എന്നത്തേക്ക് പൂർത്തിയാകുമെന്നു പറയാൻ സദയമുണ്ടാകുമോ ;

(സി) ഇതിനു മൊത്തം എത്ര ചെലവു വരും ?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) ഏകദേശം 25 കൊല്ലം.

(ബി) 1960 മാർച്ച് മാസത്തോടുകൂടി ഈ മേജർ പൂർത്തിയാക്കാമെന്നു പ്രതീക്ഷിക്കുന്നു.

(സി) ഏകദേശം 5.52 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഏ. എം. കല്യാണകൃഷ്ണൻ നായർ : ഒരു പതിനഞ്ചുമാസം മുൻപു് എന്നത്തേക്കു് ഈ പണി പൂർത്തിയാകുമെന്നു ചോദിച്ചപ്പോൾ ആറുമാസത്തിനകം പൂർത്തിയാകുമെന്നു പറഞ്ഞു. ഇതിങ്ങനെ നീണ്ടു നീണ്ടു പോകുന്നതിന്റെ കാരണമെന്താണു്. ?

ശ്രീ. വി ആർ. കൃഷ്ണയ്യർ : കാലം ഹ്രസ്വമാക്കാൻ വേണ്ടി പരിശ്രമിക്കാം.

ശ്രീ. കെ. ഭാർഗ്ഗവൻ : ഈ അഞ്ചു ലക്ഷത്തിൽ ചിലപ്രദേശം ഒഴിവാക്കാൻ ഇതു കാലതാമസമെന്താണു്. ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : അതിന്റെ കാരണം കണ്ടുപിടിക്കാൻ ഗവേഷണത്തിനൊരു നിർദ്ദേശം നൽകാം.

ശ്രീ. ഏ. എം. കല്യാണകൃഷ്ണൻ നായർ : അതിനടുത്തുള്ള ചില വസ്തു ഉടമസ്ഥന്മാർ തടസ്സമുണ്ടാക്കുന്നതാണെന്നുള്ള കാര്യം അറ്റേന്റ്സ് ആഫീസറിൽ ഉൾപ്പെടുത്താൻ ഒരവസരമുണ്ടാകുമോ. :

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഇതിന്റെ ഒരു ഭാഗത്തെപ്പറ്റി ഇപ്പോൾ വിവരം ലഭിച്ചിരിക്കുന്നു എന്നു ഞാൻ കരുതുകയാണു്.

ടൗൺ പ്ലാനിങ്.

* 1373. [24] † ശ്രീ. എൻ. കണപതി: കീഴ്കാണും വിളക്കുനക്കു മുഹമ്മദ് ഇസ്മായിൽ അവർകൾ വിടെ പകർവാർക്കളാക:

(എ) കേരളത്തിൽ എത്തിനെ ടൗൺപ്ലാനിങ് തിട്ടകൾ ഇരുക്കിറതു;

(ബി) അവകളിൻ പെയർകൾ എന്ന;

(സി) 1957-58 അസെംബ്ലി കൂട്ടത്തിൽ ഗവർണർ മുന്നർ ടൗൺ പ്ലാനിങ് തിട്ടത്തെപ്പറ്റി പേസിയതു എന്നവായിറ്റു; തിട്ടം എന്ത അളവിൽ മുൻനേറിയിരുക്കിറതു?

Minister for Public Works **(Shri T. Abdul Majeed)**:

(a) & (b) The following Municippl Towns in the Malabar areas have taken up town planning schemes :

Kozhikode Municipality
Cannanore Municipality
Tellicherry Municipality
Fort Cochin Municipality
Palghat Municipality,

In the Travancore-Cochin area also; steps are being taken for the preparation of a master plan for all municipal towns.

(c) The invest gation work on the Munnar Town Planning scheme is completed, the estimate prepared and the road alignment marked at site by planting stones.

† As the Member was absent the question was put by Shri N. K. Kunjukrishnan Nair, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly